പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1342 30.09.2011 – ൽ മറുപടിയ്ക്ക്

# കൃഷി വകുപ്പിൽ എഞ്ചിനീയറിംഗ് വിംഗ് തുടങ്ങുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ.വർക്കല കഹാർ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കർഷകർ, കാർഷിക യന്ത്രങ്ങളുടെ ഉപയോഗത്തിന് പുറംതിരിഞ്ഞു നിൽക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) എങ്കിൽ ഈ മേഖലയിൽ കാർഷിക യന്ത്രങ്ങൾ ഉപയോഗ പ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (ബി) | കാർഷിക യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ താഴെ പ്പറയുന്നവയാണ്.<br><br>1. ചെറുകിട യന്ത്രവൽക്കരണവും അഗ്രികൾച്ചർ എഞ്ചിനീയറിംഗ് സേവനങ്ങളും ഈ പദ്ധതിക്കു കീഴിൽ ട്രാക്ടറുകൾ, മിനി ട്രാക്ടർ, ഗാർഡൻ ടില്ലർ, വീഡ് കട്ടർ, കുഴിയെടുക്കുന്ന യന്ത്രം, നടീൽ യന്ത്രം, വയ്ക്കോൽ കെട്ടുന്ന യന്ത്രം തുടങ്ങിയവ മിതമായ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.<br><br>2. ജില്ലയിലെ കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ വഴി കൊയ്ത്തു-മെതിയന്ത്രങ്ങൾ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ കർഷകരുടെ ആവശ്യാനുസരണം വാടകയ്ക്ക് നൽകുന്നുണ്ട്. |